പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2566 — 09.03.2017 ന് മറുപടിയ്ക്ക്.

**കരിമ്പുഴയിലെ ഐ.ടി.ഐ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉണ്ണി : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ കരിമ്പുഴയിൽ എന്നാണ് ഐ.ടി.ഐ സ്ഥാപിച്ചത്; ഏതെല്ലാം കോഴ്സുകൾ നിലവിലുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ പഞ്ചായത്തിലുള്ള എലുമ്പുലാശ്ശേരിയിൽ 2015 അദ്ധ്യയന വർഷം മുതൽ ഐ.ടി.ഐ. പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ ഐ.ടി.ഐ.യിൽ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) , പ്ലംബർ എന്നീ ട്രേഡുകൾ നിലവിലുണ്ട്. |
| (ബി) കരിമ്പുഴ സർക്കാർ ഐ.ടി.ഐ യിൽ എത്ര ഉദ്യോഗസ്ഥാനുദ്യോഗസ്ഥ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (ബി) എലുമ്പുലാശ്ശേരി ഐ.ടി.ഐ.യിൽ പ്രിൻസിപ്പാൾ ക്ലാസ് II - 1 , ജൂനിയർ ഇൻസ്ട്രക്ടർ-4, എ.സി.ഡി. ഇൻസ്ട്രക്ടർ-1, ക്ലാർക്ക് - 1, ഓഫീസ് അറ്റൻഡന്റ് -1 എന്നീ 8 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) നിലവിൽ എത്ര ഉദ്യോഗസ്ഥന്മാരുടെ ഒഴിവുകൾ ഉണ്ട്; ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) |

| തസ്തികയുടെ പേര് | ഒഴിവുകളുടെ എണ്ണം | റിമാർക്സ് |
|---|---|---|
| ജൂനിയർ ഇൻസ്ട്രക്ടർ | 1 | ടി ഐ.ടി.ഐ. യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ എന്നീ ട്രേഡുകളിലായി 3 യൂണിറ്റുകൾ മാത്രമേ ആരംഭിച്ചിട്ടുള്ളൂ. ആയതിൽ ഇൻസ്ട്രക്ടർമാരെ നിയമിച്ചിട്ടുണ്ട്. പ്ലംബർ ട്രേഡിൽ ഒരു യൂണിറ്റ് കൂടി ആരംഭിക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന ഒരു ഇൻസ്ട്രക്ടർ തസ്തികയിൽ കൂടി നിയമനം നടത്തുന്നതാണ്. |
| എ.സി.ഡി. ഇൻസ്ട്രക്ടർ | 1 | എ.സി.ഡി. ഇൻസ്ട്രക്ടർ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല. റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന മുറയ്ക്ക് സ്ഥിരം നിയമനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ